(ബി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കൺസിലിയേഷൻ നടപടികൾ അവസാനിപ്പിച്ചിട്ടില്ല.

(ബി) കാലതാമസം ഉണ്ടായിട്ടില്ല. അനുരഞ്ജന സമ്മേളനങ്ങൾ അനവധി വിളിച്ചുകൂട്ടി. മാനേജുമെന്റിന്റെയും തൊഴിലാളികളുടേയും വ്യത്യസ്ഥ നിലപാടുകാരണം ഒത്തു തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കെ.എസ്. ആർ. ടി. സി. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

* 87. [88] ശ്രീ. വി. സി. കബീർ :
,, സിറിയക് ജോൺ :
,, കെ. കെ. ബാലകൃഷ്ണൻ :
,, കെ. ശങ്കരനാരായണപിള്ള :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചത് ഏതുവർഷമാണ് ;

(ബി) സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് കോർപ്പറേഷൻ മാനേജുമെന്റും യൂണിയൻ പ്രതിനിധികളും തമ്മിൽ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കാരിക്കുവാൻ ഇത്രയും വൈകിയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 1979-ൽ.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതിനുള്ള ചർച്ച 15-9-1983-ൽ ആരംഭിച്ചുവെങ്കിലും സുപ്രധാനമായ ചില പ്രശ്നങ്ങളിൻമേൽ യൂണിയൻ പ്രതിനിധികളുമായി യോജിപ്പിലെത്തുവാൻ സാധിക്കാത്തതു കൊണ്ട് അന്തിമ തീരുമാനമെടുക്കാൻ കഴിയാതിരിക്കുന്നു.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികളിൽ പൂർത്തിയാക്കിയ റോഡുകൾ

* 88. [89] ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബന്നി ബഹനാൻ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ പണി പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly